**മധുരമായ കുട്ടികളേ, അവനവന് 21 ജന്മങ്ങളിലേയ്ക്ക് രാജതിലകം നൽകണമെങ്കിൽ ദേഹസഹിതം ദേഹത്തിന്റെ എല്ലാ ബോധവും മറന്ന് ഒരു ബാബയെ ഓർമ്മിക്കൂ.**

**ചോദ്യം:** ദരിദ്രരായ കുട്ടികളുടെ ഏതൊരു വിവേകത്തിലാണ് ബാബ സന്തോഷിക്കുന്നത്, അവർക്ക് എന്തു നിർദ്ദേശമാണ് നൽകുന്നത്?

**ഉത്തരം:** ദരിദ്രരായ കുട്ടികൾ - ആരാണോ തന്റെ കക്കക്കു തുല്യമായ സമ്പാദ്യം ബാബയുടെ സേവനത്തിൽ സഫലമാക്കി, ഭാവി 21 ജന്മത്തേയ്ക്ക് തന്റെ ഭാഗ്യം ശേഖരിക്കുന്നത്, ബാബയും ആ കുട്ടികളുടെ ഈ സമർത്ഥതയിൽ വളരെ സന്തോഷിക്കുന്നു. ബാബ അങ്ങിനെയുള്ള കുട്ടികൾക്ക് *ഫസ്റ്റ്ക്ലാസ്* നിർദ്ദേശം നൽകുകയാണ് - കുട്ടികളേ നിങ്ങൾ ട്രസ്റ്റിയായി മാറൂ. തന്റേതാണെന്ന് കരുതരുത്. തന്റെ കുട്ടികളേയും മററും ട്രസ്റ്റിയായി സംരക്ഷിക്കൂ. ജ്ഞാനം കൊണ്ട് തന്റെ ജീവിതത്തെ നന്നാക്കി രാജാക്കന്മാരുടേയും രാജാവായി മാറൂ.

**ഗീതം** ഭാഗ്യം ഉണർത്തിക്കൊണ്ട് വന്നിരിക്കുകയാണ് . . . . . .

**ഓം ശാന്തി**. കുട്ടികൾ പാട്ടിന്റെ രണ്ടക്ഷരങ്ങൾ കേട്ടു. കുട്ടികൾ മനസ്സിലാക്കുകയാണ് നാം ഇവിടെ പുതിയ ലോകത്തിനായി ഭാഗ്യം ഉണർത്തി വന്നിരിക്കുകയാണ്. ഭാഗ്യമുണ്ടാക്കാൻ പുരുഷാർത്ഥം വേണം. കുട്ടികൾക്കറിയാം ഇവിടെ നിന്ന് ശ്രീമതം ലഭിക്കുന്നു, മഹാമന്ത്രം ലഭിക്കുന്നു - മൻമനാഭവ. ഈ വാക്കുണ്ടല്ലോ. ഈ മന്ത്രം ആരാണ് നൽകുന്നത്? അതാണ് ബാബ, ഉയർന്നതിലും ഉയർന്നത്; മതം നൽകുന്നതിലും സാഗരമാണ്. ബാബയുടെ മതം ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. ഡ്രാമയിൽ ഒരു പ്രാവശ്യം നടന്നത് പിന്നീട് അയ്യായിരം വർഷത്തിനു ശേഷം ആവർത്തിക്കുന്നു. ഈ ഒരേയൊരു മഹാമന്ത്രം കൊണ്ട് തോണി അക്കര പറ്റുന്നു. പതിത-പാവനനായ ബാബ ഒരോയൊരു പ്രാവശ്യം വന്നാണ് ശ്രീമതം നൽകുന്നത്. പതിത-പാവനൻ ആരാണ്? പരമപിതാ പരമാത്മാവു തന്നെയാണ് പതിതരിൽ നിന്ന് പാവനമാക്കി പാവനമായ ലോകത്തിലേയ്ക്ക് കൊണ്ടു പോകുന്നത്. പരമാത്മാവിനെത്തന്നെയാണ് പതിത-പാവനൻ, സദ്ഗതി ദാതാവെന്ന് പറയുന്നത്. നിങ്ങൾ പരമാത്മാവിന്റെ മുന്നിലിരിക്കുകയാണ്. അറിയാം ബാബ നമ്മുടെ എല്ലാമെല്ലാമാണെന്ന്. നമ്മുടെ ഉയർന്നതിലും ഉയർന്ന ഭാഗ്യത്തെ ഉണ്ടാക്കുന്നയാളാണ്. നിങ്ങൾക്ക് നിശ്ചയമുണ്ട് പരിധിയില്ലാത്ത അച്ഛനിലൂടെയാണ് ഈ മഹാമന്ത്രം ലഭിക്കുന്നത്. അത് അച്ഛനല്ലേ. ഒന്ന് നിരാകാരനും മറ്റേത് സാകാരനും. കുട്ടികളും ഓർമ്മിക്കുന്നു, ബാബയും ഓർമ്മിക്കുന്നു. കല്പ-കല്പം തന്റെ കുട്ടികളോടു തന്നെയാണ് ബാബ സംസാരിക്കുന്നത്. ബാബ പറയുകയാണ് സർവ്വരുടെയും സദ്ഗതിക്ക് മന്ത്രം ഒന്നു തന്നെയാണ്, തരുന്നതും ഒരാൾ തന്നെയാണ്. സദ്ഗുരു തന്നെയാണ് സത്യമായ മന്ത്രം നൽകുന്നത്. നിങ്ങൾ കുട്ടികൾ അറിയുന്നു നാം ഇവിടെ വന്നിരിക്കുന്നത് തന്റെ സ്വർഗ്ഗത്തിലേയ്ക്കുള്ള ഭാഗ്യമുണ്ടാക്കാനാണ്. സുഖധാമമെന്ന് സത്യയുഗത്തെയാണ് പറയുന്നത്, ഇത് ദുഃഖധാമമാണ്. ആരാണോ ബ്രാഹ്മണരായി മാറുന്നത് അവർക്കു തന്നെയാണ് ശിവബാബയിൽ നിന്ന് ബ്രഹ്മാവിന്റെ മുഖത്തിലൂടെ മന്ത്രം നൽകുന്നത്. തീർച്ചയായും മന്ത്രം നൽകാൻ സാകാരത്തിൽ വരേണ്ടിയിരിക്കുന്നു, അല്ലെങ്കിൽ എങ്ങിനെ നൽകും? പറയുകയാണ് കല്പ-കല്പം നിങ്ങൾക്ക് ഈ മഹാമന്ത്രം നൽകുന്നു - എന്നെ മാത്രം ഓർമ്മിക്കൂ. ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളെയും ത്യജിച്ച്, ദേഹത്തേയും ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളേയും മറക്കൂ. സ്വയത്തെ ദേഹമെന്നു കരുതുമ്പോൾ പിന്നെ ദേഹത്തിന്റെ സംബന്ധികൾ വലിയച്ഛൻ, അമ്മാവൻ, ഗുരു ഗോസായിമാർ മുതലായ എല്ലാവരുടേയും ഓർമ്മ വരുന്നു. ഇങ്ങിനെയും പറയാറുണ്ട് - താങ്കൾ മരിച്ചാൽ ലോകമേ മരിച്ചു. ബാബ പറയുകയാണ് ഞാൻ നിങ്ങൾക്ക് മന്ത്രം തന്നെ അങ്ങിനെയുള്ളതാണ് നൽകുന്നത്. സ്വയം ആത്മാവെന്നു മനസ്സിലാക്കി, അശരീരിയായി മാറൂ. ശരീരബോധത്തെ ഉപേക്ഷിക്കൂ. ഇവിടെ ദേഹ-അഭിമാനിയാണ്, സത്യയുഗത്തിൽ ആത്മാഭിമാനിയാണ്. ഈ സംഗമയുഗത്തിൽ നിങ്ങൾ ആത്മാഭിമാനിയുമായി മാറുന്നു കൂടാതെ പരമാത്മാവിനെ അറിയുന്നവരായ ആസ്തികരുമായി മാറുന്നു. ആസ്തികരെന്ന് പറയുന്നത് അവരെയാണ് ആരാണോ പരമപിതാ പരമാത്മാവിനേയും പരമാത്മാവിന്റെ രചനയേയും അറിയുന്നത്. ആസ്തികർ കലിയുഗത്തിലും സത്യയുഗത്തിലും ഉണ്ടാകുകയില്ല, സംഗമയുഗത്തിൽ മാത്രമേയുണ്ടാകുകയുള്ളൂ. ബാബയിൽ നിന്ന് സമ്പത്തെടുത്ത് അവർ തന്നെ സത്യയുഗത്തിൽ രാജ്യം ഭരിക്കുന്നു. ഇവിടെയാണ് ആസ്തികരുടേയും നാസ്തികരുടെയും കാര്യങ്ങൾ, അവിടെ ഇതൊന്നുമുണ്ടാകുകയില്ല. ബ്രാഹ്മണരാണ് ആസ്തികരായി മാറുന്നത് ആരാണോ നാസ്തികരായിരുന്നത്. ഈ സമയത്ത് മുഴുവൻ ലോകവും നാസ്തികരാണ്. ആരും തന്നെ ബാബയേയോ ബാബയുടെ രചനയേയോ അറിയുന്നില്ല. സർവ്വവ്യാപിയെന്ന് പറയുകയാണ്. നിങ്ങൾ

കുട്ടികൾക്ക് പരിധിയില്ലാത്ത ഒരു ബാബയുമായിട്ടേ കാര്യമുള്ളൂ. ബാബയുടെ ശ്രീമതം ലഭിക്കുന്നു അഥവാ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. പറയുന്നു കുട്ടികളേ ദേഹസഹിതം ദേഹത്തിന്റെ ബോധത്തെ മറന്ന് ആരെയും ഓർമിക്കരുത്. സ്വയം ആത്മാവെന്നു മനസിലാക്കി അച്ഛനായ എന്നെ ഓർമിക്കൂ. ഇതിനെ തന്നെയാണ് നിങ്ങളുടെ ഭാഗ്യത്തെ ഉണ്ടാക്കുന്ന മഹാമന്ത്രം എന്നു പറയുന്നത്. നിങ്ങൾക്ക് സ്വരാജ്യ ത്തിന്റെ തിലകം ലഭിക്കുന്നു – 21 ജന്മത്തേയ്ക്ക്. അതു തന്നെയാണ് പ്രാലബ്ധം. ഗീത തന്നെ നരനെ നാരായണനാക്കുന്നതും മനുഷ്യനെ ദേവതയാക്കുന്നതും.

നിങ്ങൾ കുട്ടികൾക്കറിയാം ഈ ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തി ലേയ്ക്കു വേണ്ടിയുള്ള ഭാഗ്യമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് മൃത്യുലോകമാണ്. ഇവിടെ നോക്കൂ മനുഷ്യരുടെ ഭാഗ്യമെങ്ങിനെയാണെന്ന്. ഇതിന്റെ പേരുതന്നെ ദുഃഖധാമമെന്നാണ്. ഇത് ആരാണ് പറ ഞ്ഞത്? ആത്മാവ്. ഇപ്പോൾ നിങ്ങൾ ആത്മാഭിമാനികളായിരിക്കുകയാണ്. ആത്മാവാണ് പറയുന്നത് ഇത് ദുഃഖധാമമാണെന്ന്. നമ്മുടെ പരംധാമം അതാണ്, എവിടെയാണോ ബാബ വസിക്കുന്നത്. ഇപ്പോൾ ബാബ ജ്ഞാനം കേൾപ്പിക്കുകയാണ്, ഭാഗ്യവും ഉണ്ടാക്കിത്തരികയാണ്. ബാബ ഒരു മഹാമന്ത്രം നൽകുകയാണ് – എന്നെ ഓർമ്മിക്കൂ. നിങ്ങൾ ഏതെങ്കിലും ദേഹധാരിയിൽ നിന്നായിരിക്കും കേൾക്കുന്നത്, പക്ഷെ വിദേ ഹിയായ എന്നെ ഓർമ്മിക്കൂ. കേൾക്കുന്നത് ദേഹധാരിയിൽ നിന്നു തന്നെയാകണമല്ലോ. ബ്രഹ്മാകുമാർ–കുമാരിമാരും മുഖത്തിലൂടെ തന്നെയാണല്ലോ കേൾപ്പിക്കുക പതിത–പാവനനെ ഓർമ്മിക്കൂ എന്ന്. നിങ്ങ ളുടെ ശിരസ്സിൽ എന്തു പാപ ഭാരമുണ്ടോ ഓർമ്മയുടെ ബലം കൊണ്ടു വേണം ഭസ്മമാക്കാൻ. നിരോഗി യായി മാറണം. നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖമിരിക്കുകയാണ്. നിങ്ങൾ മനസ്സിലാക്കുകയാണ് ബാബ വന്നിരിക്കുകയാണ് ഭാഗ്യമുണ്ടാക്കിത്തരാൻ വേണ്ടി, വളരെ സഹജമായ വഴിയാണ് പറഞ്ഞു തരു ന്നത്. കുട്ടികൾ പറയുകയാണ് ബാബാ ഓർമ്മിക്കാൻ മറന്നു പോകുന്നു. എന്താ നിങ്ങൾക്ക് നാണമില്ലേ! നിങ്ങളെ പതിതമാക്കി മാറ്റുന്ന ലൗകിക പിതാവിന്റെ ഓർമ്മയുണ്ട്, പക്ഷെ നിങ്ങളെ പാവനമാക്കി മാറ്റുന്ന ഈ പാരലൗകിക അച്ഛൻ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ, എങ്കിൽ വികർമ്മ വിനാശം നടക്കും. എന്നാൽ കുട്ടികൾ പറയുകയാണ് ബാബാ, മറന്നുപോകുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളെ ക്ഷേത്ര ത്തിന് യോഗ്യരാക്കിമാറ്റുകയാണ്. നിങ്ങൾ കുട്ടികൾക്കറിയാം ഭാരതം ശിവാലയമായിരുന്നു – നമ്മൾ രാജ്യം ഭരിച്ചിരുന്നു, പിന്നെ നമ്മുടെ ജഡചിത്രങ്ങളെ ക്ഷേത്രത്തിൽ വെച്ച് പൂജിച്ചുകൊണ്ടേ വരുന്നു. നമ്മൾ തന്നയായിരുന്നു ദേവതമാർ –ഇത് മറന്നിരിക്കുകയാണ്. നിങ്ങളുടെ മമ്മയും ബാബയും ആരാണോ പൂജ്യ ദേവീദേവതമാരായിരുന്നത്, അവർ പൂജാരികളായിരിക്കുകയാണ്. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. കല്പ വൃക്ഷത്തിലും മുഖ്യമായി കാണിച്ചിട്ടുണ്ട്. ആദ്യം അടിത്തറയിൽ ആദിസനാതനദേവീ–ദേവതകളാ യിരുന്നു, ഇപ്പോഴില്ല. അയ്യായിരം വർഷം മുമ്പെ സത്യയുഗമായിരുന്നു, ഇപ്പോൾ കലിയുഗമാണ്. കലിയു ഗത്തിനു ശേഷം സത്യയുഗം വരണം. തീർച്ചയായും ശ്രീമതം നൽകുന്നയാൾക്ക് വരണം. ലോകത്തിന് തീർച്ചയായും പരിവർത്തനപ്പെടണം. പെരുമ്പറ മുഴക്കിക്കൊണ്ടിരിക്കൂ. വൃക്ഷം പെട്ടെന്ന് വളരുകയില്ല, വിഘ്നങ്ങൾ വരുന്നു. ഭിന്ന–ഭിന്ന പേരിലും രൂപത്തിലും കുടുങ്ങുകയാണ്. ബാബ പറയുകയാണ് കുടു ങ്ങിപ്പോകരുത്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊള്ളൂ, പക്ഷെ ബാബയെ ഓർമ്മിക്കൂ, പവിത്രമായി കഴിയൂ. ഭഗവാനുവാച – കാമം മഹാശത്രുവാണ്. മുമ്പും ഗീതയുടെ ഭഗവാൻ പറഞ്ഞിരുന്നു – ഇപ്പോൾ വീണ്ടും പറയുകയാണ്. ഗീതയുടെ ഭഗവാൻ തീർച്ചയായും കാമത്തിനുമേൽ വിജയം പ്രാപ്തമാക്കി തന്നിട്ടുണ്ടായിരിക്കണം. ഒന്ന് രാവണരാജ്യം, മറ്റേത് രാമരാജ്യം. രാമരാജ്യം പകൽ, രാവണരാജ്യം രാത്രി. ബാബ പറയുകയാണ് ഇപ്പോൾ ഈ രാവണരാജ്യം അവസാനിക്കാൻ പോകുകയാണ്, അതിനുവേണ്ടി യുള്ള എല്ലാ തയ്യാറെടുപ്പുകളും ആയിക്കഴിഞ്ഞു. ബാബ പഠിപ്പിച്ച് നിങ്ങളെ കൊണ്ടുപോകും, പിന്നെ നിങ്ങൾക്കു രാജ്യം വേണം. ഈ പതിത ഭൂമിയിൽ രാജ്യം ഭരിക്കുമോ. ശിവബാബക്കാണെങ്കിൽ കാലു കളില്ല ഇവിടെ വെക്കാൻ. ദേവതകളുടെ കാലുകൾ ഈ ധരണിയിൽ വെക്കാൻ കഴിയുകയില്ല. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് നാം ദേവതകളായി മാറിക്കൊണ്ടിരിക്കുകയാണ്. പിന്നീട് ഭാരതത്തിൽ തന്നെ വരും. എന്നാൽ സൃഷ്ടി പരിവർത്തനപ്പെട്ട് കലിയുഗത്തിൽ നിന്ന് സത്യയുഗമായി മാറും. ഇപ്പോൾ നിങ്ങൾ ശ്രേഷ്ഠമായി മാറിക്കൊണ്ടിരിക്കുകയാണ്. വളരെ കുട്ടികൾ പറയുന്നുണ്ട് ബാബാ, കൊടുങ്കാറ്റുകൾ വരു ന്നു. അച്ഛൻ പറയുന്നു നിങ്ങൾ അച്ഛനെ മറക്കുന്നു. ബാബയുടെ മതപ്രകാരം നടക്കുന്നില്ല. ശ്രേഷ്ഠ ത്തിലും ശ്രേഷ്ഠനായ ബാബയുടെ മതം ലഭിക്കുകയാണ് – കുട്ടികളേ ഭ്രഷ്ടാചാരിയായി മാറരുത്. നിങ്ങളെ പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. ബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. ബാബയുടെ രഥത്തെപ്പോലും ഓർക്കരുത്. തേരും തേരാളിയും. കുതിര വണ്ടിയുടെ കാര്യമേയില്ല. അതിലിരുന്ന് ജ്ഞാനം തരാൻ കഴിയുമോ? ഇന്നാണെങ്കിൽ വിമാന യാത്രകളാണ്. സയൻസ് തീർത്തും ശക്തമായിരിക്കുകയാ ണ്. മായയുടെ ഷോ വളരെ ഗംഭീരമാണ്. ഈ സമയത്ത് ഓരോരുത്തരേയും എത്രയാണ് സൽക്കരിക്കു ന്നത്. ഇന്ന രാജ്യത്തിലെ പ്രധാനമന്ത്രി വന്നു, അന്തസു ലഭിച്ചു. 15 ദിവസത്തിനു ശേഷം താഴെയിറക്കു

ന്നു. ചക്രവർത്തിമാർക്കു പോലും പ്രയാസങ്ങളാണ്. പേടിച്ചാണിരിക്കുന്നത്. നിങ്ങൾക്ക് എത്ര സഹജമായാണ് ജ്ഞാനം ലഭിക്കുന്നത്. നിങ്ങൾ എത്ര ദരിദ്രരാണ്, ചില്ലിക്കാശു പോലുമില്ല. ട്രസ്റ്റിയാക്കി മാറ്റുന്നു – ബാബാ ഇതെല്ലാം അങ്ങയുടേതാണ്. ബാബ പറയുകയാണ് ശരി മക്കളേ, നിങ്ങളും ട്രസ്റ്റിയായിരിക്കൂ. അഥവാ സ്വന്തമാണെന്നു കരുതുകയാണെങ്കിൽ അത് നിങ്ങളുടെ വിവേകമല്ല. ശ്രീമതപ്രകാരം നടക്കണം. ട്രസ്റ്റിയായിട്ടുള്ളവർ ശ്രീമത പ്രകാരം നടക്കും. നിങ്ങൾ ദരിദ്രരാണ്, കരുതുകയാണ് ഈ കക്കയും കവിടിയുമെല്ലാം ബാബയ്ക്ക് നൽകാം. ബാബ പിന്നെ ഒന്നാംതരം വഴി പറഞ്ഞുതരുന്നു. കുട്ടികളെ സംരക്ഷിക്കുകയും വേണം. ഈ സമയം നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്, ഇതുകൊണ്ട് നിങ്ങളുടെ ഭാവി നന്നാകുന്നു, നിങ്ങൾ രാജാക്കന്മാരുടേയും രാജാവായി മാറുന്നു. ബാബയുടേയും കടമയാണ് നിർദ്ദേശം നൽകുകയെന്നത്. ബാബയെ ഓർമ്മിക്കൂ, ദയ ഉണ്ടാകണം. മറ്റുള്ളവരെ കുഴിയിൽ വീഴുന്നതിൽ നിന്നും സംരക്ഷിക്കണം. വളരെ യുക്തിയോടെ നടക്കേണ്ടിയിരിക്കുന്നു. ശൂർപ്പണഖ, പൂതന, അജാമിലൻ, ദുര്യോധനൻ മുതലായതെല്ലാം ഈ സമയത്തെ പേരുകളാണ്. ഇപ്പോഴത്തെ കാഴ്ചകളെല്ലാം കല്പശേഷം ആവർത്തിക്കും. അതേ അച്ഛൻ വന്ന് വീണ്ടും ജ്ഞാനം നൽകും. മനുഷ്യനിൽ നിന്ന് ദേവതാ പദവി പ്രാപ്തമാക്കിത്തരുന്നു. നിങ്ങൾ വന്നിരിക്കുകയാണ് അയ്യായിരം വർഷം മുമ്പത്തെപ്പോലെ സമ്പത്തെടുക്കാൻ. ഇതിനു മുമ്പും മഹാഭാരതയുദ്ധം നടന്നിരുന്നു. അവർ ഈ ഉദാഹരണത്തെത്തന്നെയാണ് കാണിക്കുന്നത്. ബാബ നല്ല രീതിയിൽ മനസ്സിലാക്കിത്തന്ന് ദേവതാ പദവി പ്രാപ്തമാക്കിത്തരുന്നു. നിങ്ങൾ വന്നിരിക്കുന്നത് ബാബയിൽ നിന്ന് സമ്പത്തെടുക്കാനാണ്, ബ്രഹ്മാവിൽ നിന്നോ, ജഗദംബയിൽ നിന്നോ ബി. കെയിൽ നിന്നോ സമ്പത്ത് എടുക്കേണ്ട. ഇദ്ദേഹവും സമ്പത്ത് ബാബയിൽ നിന്നാണെടുക്കുന്നത്. മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുന്നു. നിങ്ങളും ജഗത് പിതാവിന്റെ കുട്ടികളായി സമ്പത്തെടുക്കുന്നു. ബാബ ഓരോരുത്തരോടും പറയുകയാണ് കുട്ടീ എന്നെ ഓർമ്മിക്കൂ. ഇത് അമ്പുപോലെ തറയ്ക്കുന്നു. ബാബ പറയുകയാണ്, കുട്ടികളേ നിങ്ങൾക്ക് എന്നിൽ നിന്നാണ് സമ്പത്ത് എടുക്കേണ്ടത്. ഏതെങ്കിലും ബന്ധുമിത്രാദികൾ മരിച്ചാലും, നിങ്ങൾക്ക് സമ്പത്ത് ബാബയിൽ നിന്നാണ് എടുക്കേണ്ടത്. ഇതിൽ വളരെയധികം സന്തോഷമുണ്ടാകേണ്ടതാണ്. നിങ്ങൾ ഭാഗ്യമുണ്ടാക്കാൻ വന്നിരിക്കുകയാണ്, നിങ്ങൾക്കറിയാം ബാബ നിങ്ങളെ വീണ്ടും സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. അങ്ങിനെയാണെങ്കിൽ അങ്ങിനെയുള്ള സ്വഭാവവും ധാരണ ചെയ്യണം. വികാരങ്ങളിൽ നിന്ന് വേറിട്ടു നില്ക്കണം. നാം പാവന നിർവികാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. ഡ്രാമയേയും വൃക്ഷത്തേയും മനസ്സിലാക്കണം, വേറെ യാതൊരു പ്രയാസവുമില്ല, ലളിതത്തിലും ലളിതമാണ്. എന്നിട്ടും പറയുകയാണ്, ബാബാ, മറന്നു പോയി. ഭൂതം വന്നു. ബാബ പറയുകയാണ് ഈ ഭൂതങ്ങളെ കളയൂ. ഹൃദയത്തിന്റെ കണ്ണാടിയിൽ നോക്കൂ – ഞാൻ യോഗ്യനായി മാറിയോ! നരനിൽ നിന്ന് നാരയണനായി മാറണം. ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്, മധുര–മധുരമായ സൗഭാഗ്യശാലി കുട്ടികളേ, നിങ്ങൾ സൗഭാഗ്യശാലികളാകുന്നതിന് വന്നിരിക്കുകയാണ്. ഇപ്പോൾ എല്ലാവരും ദുർഭാഗ്യശാലികളാണല്ലോ. ഭാരതവാസി സൗഭാഗ്യശാലികളായിരുന്നു, എത്ര സമ്പന്നരായിരുന്നു. ഭാരതത്തിന്റെ കാര്യമാണ്. ബാബ പറയുകയാണ് നിങ്ങൾ സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ – എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് എന്റെ അടുക്കൽ വരണം എങ്കിൽ അന്തിമ സമയം പോലെ ഗതിയുണ്ടാകും. ഇപ്പോൾ നാടകം പൂർത്തിയാകുകയാണ്, നമ്മളിതാ പോയിക്കഴിഞ്ഞു. ഉപായവും പറയുന്നുണ്ട്. സർവ്വ പാപങ്ങളിൽ നിന്നും മുക്തമാകൂ, പുണ്യ ആത്മാവായി മാറും. പുണ്യ ആത്മാക്കളുടെ ലോകമുണ്ടായിരുന്നല്ലോ, അത് വീണ്ടും സ്ഥാപനയായിക്കൊണ്ടിരിക്കുകയാണ്. പഴയ ലോകം മാറി പുതിയതാകണം. മനസ്സിലാക്കുകയാണ് – ഭാരതം പ്രാചീനമായിരുന്നു, സ്വർഗ്ഗമായിരുന്നു. *ഹെവൻലി ഗോഡ് ഫാദർ* സ്ഥാപിച്ചു. *ഗോഡ് ഫാദർ* എപ്പോൾ വന്നു? ഈ സമയത്തു തന്നെയാണ് വരുന്നത്. ഇതിനെ മംഗളകാരിയായ അച്ഛൻ വരുന്ന സമയമെന്നു പറയുന്നു. ഈ രാവണ സമ്പ്രദായക്കാർ എത്ര കൂടുതലാണ്. രാമന്റെ സമ്പ്രദായക്കാർ എത്ര കുറവാണ്. ഇതിന്റെ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾ വീണ്ടും ബാബയിൽ നിന്ന് സമ്പത്തെടുക്കാൻ വന്നുകൊണ്ടിരിക്കും. പ്രദർശിനികളിൽ അതായത് പ്രൊജക്ടർ ഉപയോഗിച്ച് പറഞ്ഞു കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ വളരെയധികം സേവനം ചെയ്യാനുണ്ട്. ബാബ പറഞ്ഞുകൊണ്ടിരിക്കുകയാണ് മധുരമായ ഓമനക്കുട്ടികളേ ഇത് ഡ്രാമയാണ്. എന്നാൽ ഈ സമയം വരെ എന്തു നടന്നുവോ അത് കൃത്യമായും ഡ്രാമയെന്നു തന്നെ പറയും. നാടകത്തിന്റെ വിധിയിൽ ബാബ പറയുകയാണ് ഞാനും ഉണ്ട്. കുട്ടികളേ, പതിത ലോകത്തിൽ എനിക്കും വരേണ്ടിയിരിക്കുന്നു. പരംധാമം വിട്ട്, നോക്കൂ, ഞാൻ എങ്ങിനെ ഇവിടെ വരുന്നു – കുട്ടികൾക്കുവേണ്ടി. പ്ളേഗിന്റെ അസുഖം പിടിച്ചവരെ വിട്ട് ഡോക്ടർമാർ ദൂരെപ്പോകുന്നില്ല. അവർക്ക് വരേണ്ടിത്തന്നെയിരിക്കുന്നു. പാടുന്നുമുണ്ട് പതിത–പാവനാ വരൂ, വന്ന് 5 വികാരങ്ങളിൽ നിന്ന് മുക്തമാക്കി പാവനമാക്കി മാറ്റൂ അതായത് മോചിപ്പിക്കൂ. ദുഃഖധാമത്തിൽ നിന്ന് സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകൂ. വഴികാട്ടിയാണ് *മുക്തിദാതാവ്.* അദ്ദേഹം സർവ്വരേയും മുക്തവുമാക്കുന്നു പിന്നെ വഴികാട്ടിയായി എല്ലാവരേയും തിരികെ വീട്ടിലേയ്ക്ക് കൊണ്ടുപോകുന്നു, പിന്നീട് എല്ലാവരും യഥാക്രമം വരികയും ചെയ്യുന്നു. സൂര്യവംശി, പിന്നെ ചന്ദ്ര

വംശി, പിന്നീട് ദ്വാപരം തുടങ്ങുമ്പോൾ നിങ്ങൾ പുജാരികളായി മാറുന്നു. പറയാറുമുണ്ട് ദേവതകൾ വാമ മാർഗ്ഗത്തിൽ പോയി. വാമമാർഗ്ഗത്തിലെ ചിത്രങ്ങളും കാണിക്കുന്നു. ഇപ്പോൾ നിങ്ങൾ *പ്രാക്ടിക്കലായി* മനസ്സിലാക്കുന്നു – ഞാൻ തന്നെയായിരുന്നു ദേവത, എത്ര സഹജമായ കാര്യമാണ് മനസ്സിലാക്കാൻ. ഇത് നല്ല രീതിയിൽ ബുദ്ധിയിൽ ധാരണയുണ്ടായിരിക്കണം.

ഇപ്പോൾ നിങ്ങൾ കുട്ടികൾ തന്റെ ഭാഗ്യമുണ്ടാക്കാൻ വന്നിരിക്കുകയാണ്. ഇവിടെ ബാബ സന്മുഖമിരിക്കുന്നു. എന്നാൽ ടീച്ചർ യഥാക്രമമാണ്. ഇവിടെ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ഭഗവാൻ എല്ലാ വേദ–പുരാണങ്ങളുടെയും സാരം മനസ്സിലാക്കി തന്നിട്ടുണ്ട്. ആദ്യം ബ്രഹ്മാവാണല്ലോ കേൾക്കുക. ബ്രഹ്മാ–വിഷ്ണു–ശങ്കരൻ എന്നിവരെ സൂക്ഷ്മലോകത്തിലാണ് കാണിച്ചിട്ടുള്ളത്. എന്നാൽ വിഷ്ണുവാണെങ്കിൽ സത്യയുഗത്തിലെ രാജാവാണ്, ബ്രഹ്മാവ് സംഗമയുഗത്തിലാണ്. ബ്രഹ്മാവ് ഇവിടെയാണല്ലോ വേണ്ടത്, ആദ്യം ബ്രാഹ്മണൻ പിന്നെയാണ് ദേവതയായിമാറുന്നത്. ഇത് രുദ്രജ്ഞാന യജ്ഞമാണ്. ഇതിന് മുമ്പെയും രചിച്ചിരുന്നു, ഇതിൽ തന്നെയാണ് മുഴുവൻ ലോകവും സ്വാഹയാകുന്നത്, എല്ലാം വിനാശം പ്രാപിക്കും. നിങ്ങൾ കുട്ടികൾ പിന്നീട് ഇവിടെ വന്ന് പുതിയ ലോകത്തിൽ രാജ്യം ഭരിക്കും. ശരി.

മധുരമധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. ഉള്ളിൽ നിന്ന് ഭൂതങ്ങളെ അകറ്റി നരനിൽ നിന്ന് നാരയണനായി മാറുന്നതിന് യോഗ്യരായി മാറണം. ഹൃദയമാകുന്ന കണ്ണാടിയിൽ നോക്കണം ഞാൻ എത്രത്തോളം യോഗ്യനായി മാറിയിട്ടുണ്ട്.

2. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അശരീരിയായി മാറി ബാബയെ ഓർമ്മിക്കണം. ശരീര ബോധം ഇല്ലാതിരിക്കണം – ഇതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം : പവിത്രതയുടെ രാജകീയതയിലൂടെ സദാ ഹർഷിതമായിരിക്കുന്ന ഹർഷിത ചിത്തരും ഹർഷിതമുഖരുമായി ഭവിക്കട്ടെ.

പവിത്രതയുടെ രാജകീയത അഥവാ വാസ്തവികത ഉള്ള ആത്മാക്കൾ സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു. അവരുടെ സന്തോഷം ഇടയ്ക്ക് കുറവ്, ഇടയ്ക്ക് കൂടുതൽ ആകുകയില്ല. ദിനം പ്രതിദിനം ഓരോ സമയവും സന്തോഷം ഇനിയും കൂടിക്കൊണ്ടിരിക്കും, അവരുടെ ഉള്ളിലൊന്ന്, പുറത്തൊന്ന് ആയിരിക്കുകയില്ല. മനോവൃത്തി, ദൃഷ്ടി, സംസാരം, പെരുമാറ്റം എല്ലാം സത്യമായിരിക്കും. ഇങ്ങനെയുള്ള വാസ്തവിക രാജകീയ ആത്മാക്കൾ ചിത്തത്തിൽ പോലും നയനസുഖത്തിലൂടെ പോലും സദാ ഹർഷിതരായിരിക്കും. ഹർഷിതചിത്തവും ഹർഷിതമുഖതയും അവിനാശിയായിരിക്കും.

**സ്ലോഗൻ : ലോകത്ത് സർവ ശ്രേഷ്ഠ ബലം പവിത്രതയുടെ ബലമാണ്.**